മാതൃഭൂമി
Mathrubhumi Online

Sunday, 30th December 2007
www.Mathrubhumi.com

# പുത്തൻകുരിശ് അഖില മലങ്കര സുവിശേഷ യോഗം

## മനുഷ്യരക്ഷയ്ക്ക് ശക്തമായ വിശ്വാസം വേണം: മോർ സേവേറിയോസ്

കോലഞ്ചേരി: ശക്തമായ വിശ്വാസം മനുഷ്യരക്ഷയ്ക്ക് കാരണമാകുമെന്ന് ഡോ. എബ്രഹാം മോർ സേവേറിയോസ് മെത്രാപ്പോലീത്ത പറഞ്ഞു. പുത്തൻകുരിശ് പാത്രിയർക്കാ സെൻററിൽ നടന്നുവരുന്ന അഖില മലങ്കര സുവിശേഷ യോഗത്തിൽ അധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു മെത്രാപ്പോലീത്ത.

ഈശ്വരവിശ്വാസം ഒരുവനിൽ ആത്മവിശ്വാസമുണ്ടാക്കുമെന്നും അതുവഴി ആത്മരക്ഷയും സമൂഹരക്ഷയും ലോകരക്ഷയും ഉണ്ടാകുമെന്നും മെത്രാപ്പോലീത്ത വ്യക്തമാക്കി. വ്യക്തിപരമായ പരിശ്രമങ്ങൾ പാഴായിത്തീരുന്നത് സമൂഹത്തിനും അവനവനുതന്നെയും നഷ്ടമാണ്. ഈശ്വരചിന്ത പരിശ്രമങ്ങളെ സൂക്ഷ്മമാക്കാൻ പഠിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. റവ. ഡോ. മോൺ. ആൽബർട്ട് റൗഫ്, ഡോ. അലക്സാണ്ടർ ജേക്കബ് എന്നിവരും പ്രഭാഷണം നടത്തി.

ശ്രേഷ്ഠ കാതോലിക്ക ഡോ. ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവയുടെ സാന്നിധ്യത്തിൽ നടന്ന യോഗത്തിൽ മെത്രാപ്പോലീത്തമാരായ ജോസഫ് മോർ ഗ്രിഗോറിയോസ്, മാത്യൂസ് മോർ ഈവാനിയോസ്, ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ്, ഏലിയാസ് മോർ അത്തനാസിയോസ്, മർക്കോസ് മോർ ക്രിസോസ്റ്റമോസ്, കുര്യാക്കോസ് മോർ യൗസേബിയൂസ്, എബ്രഹാം മോർ സേവേറിയോസ്, ഗീവർഗീസ് തെങ്ങുംകുടി റമ്പാൻ, റവ. ഡോ. ആദായി ജേക്കബ് കോർ എപ്പിസ്കോപ്പ, ഇ.സി. വർഗീസ് കോർ എപ്പിസ്കോപ്പ, കോൺവെൻറ് സുപ്പീരിയർ കെ.കെ. മേരിക്കുട്ടി എന്നിവർ സംബന്ധിച്ചു.

ഞായറാഴ്ച രാവിലെ 10 മുതൽ ഉപവാസധ്യാനയോഗം നടക്കും. വൈകീട്ട് 6.15ന് കുര്യാക്കോസ് മോർ യൗസേബിയൂസ് മെത്രാപ്പോലീത്ത അധ്യക്ഷപ്രസംഗം നടത്തും.